"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.842/2024/DMD    തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-
1. സ.ഉ(കൈ) നം. 06/2023/ഡിഎംഡി തീയതി 18/06/2023
2. സ.ഉ(പി) നം. 02/2024/ഡിഎംഡി തീയതി 09/08/2024
3. സ.ഉ(സാധാ) നം.589/2024/ഡിഎംഡി തീയതി 09/08/2024
4. സ.ഉ(സാധാ) നം. 814/2024/ഡിഎംഡി തീയതി 23/10/2024
5. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ 24/10/2024 ലെ യോഗനടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്നും അനുവദിക്കുന്നതിനും ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നതിനും പരാമർശം(3) പ്രകാരം അനുമതി നല്കിയിരുന്നു.

മേൽ ധനസഹായം 30 ദിവസത്തേയ്ക്ക് കൂടി രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നല്കി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

ദുരന്തബാധിതർ വാടകവീടുകളിലും, സർക്കാർ ക്വാർട്ടേഴ്സുകളിലുമായാണ് നിലവിൽ താമസിച്ചുവരുന്നത്. ജോലി സ്ഥലത്തേയ്ക്ക് എത്തിപ്പെടാൻ കഴിയാത്തതിനാലും മറ്റ് പലകാരണങ്ങളാലും മുമ്പ് ചെയ്തിരുന്ന ജോലി തുടർന്ന് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ പരാമർശം 4 ഉത്തരവിന്റെ തുടർച്ചയായി മേൽ ധനസഹായം 30 ദിവസത്തേയ്ക്ക് കൂടി (പരമാവധി 90 ദിവസം മാത്രം) രണ്ട് വ്യക്തികൾക്ക് വീതം SDRF ൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 14-11-2024 14:19:10